ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:16.07.2025**

## പ്രധാനവാർത്തകൾ

1. കാർഷിക ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജനയ്ക്ക് കേന്ദ്ര മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം.

2. കീം പ്രവേശന പരീക്ഷയുടെ പുതുക്കിയ മാർക്ക് ലിസ്റ്റിനെ അടിസ്ഥാനമാക്കിയുള്ള ഈ വർഷത്തെ പ്രവേശന പ്രക്രിയയിൽ ഇടപെടാൻ കഴിയില്ലെന്ന് സുപ്രീം കോടതി.

3. പാലക്കാട് നിപ ബാധിച്ചു മരിച്ച വ്യക്തിയുടെ മകനും രോഗ ബാധയെന്ന് റിപ്പോർട്ട്; ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്.

4. സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയെ അഭിനന്ദിച്ച് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്. പൊതുജനാരോഗ്യ ത്തിലും വനിത ശിശു വികസന രംഗത്തും കേരളത്തിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് ICMR.

5. കർക്കടക മാസ പൂജകൾക്കായി ശബരിമല നട തുറന്നു. കർക്കിടകം ഒന്നായ നാളെ രാമായണ മാസാചരണത്തിന് തുടക്കമാകും.

6. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 20 വരെ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

✠✠✠✠✠✠✠✠✠✠✠✠✠✠✠

## കേന്ദ്ര മന്ത്രിസഭ

കാർഷിക ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജനയ്ക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഉൽപ്പാദനക്ഷമത, വിളവെടുപ്പ്, വായ്പ വിതരണം എന്നിവയിൽ പിന്നിൽ നിൽക്കുന്ന നൂറ് ജില്ലകളെ തിരിച്ചറിഞ്ഞ് പദ്ധതി നടപ്പാക്കുമെന്ന് മന്ത്രിസഭാ യോഗത്തിന് ശേഷം കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇന്ത്യയുടെ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ല ഉൾപ്പെട്ട ബഹിരാകാശ യാത്രയെ പ്രശംസിച്ചു കൊണ്ടുള്ള പ്രമേയം കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചു. ഗഗൻയാൻ, ഇന്ത്യയുടെ ബഹിരാ കാശ നിലയം എന്നിവയുൾപ്പടെയുള്ള ലക്ഷ്യം കൈവരിക്കുന്നതിനുള്ള സുപ്രധാന ചവിട്ടുപടിയാണിതെന്ന് ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

RNU TVPM

✠✠✠✠✠✠✠✠✠✠✠✠✠✠✠

## സർവകക്ഷി യോഗം

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ ഞായറാഴ്ച സർവകക്ഷി യോഗം വിളിച്ചു. പാർലമെൻറിൻറെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടുകയാണ് ലക്ഷ്യം. ഈ മാസം 21 മുതൽ അടുത്ത മാസം 21 വരെയാണ് വർഷകാല സമ്മേളനം.

✠✠✠✠✠✠✠✠✠✠✠✠✠✠✠

## നിപ

പാലക്കാട് ചങ്ങലീരിയിൽ കഴിഞ്ഞ ദിവസം നിപ ബാധിച്ചു മരിച്ച വ്യക്തി യുടെ മകനും രോഗബാധ സ്ഥിരീകരിച്ചതായി വിവരം. മഞ്ചേരി മെഡിക്കൽ കോളേജിൽ നടത്തിയ പ്രാഥമിക പരിശോധയിലാണ് 32 കാരനായ യുവാവിന് രോഗം സ്ഥിരീകരിച്ചത്. ഇദ്ദേഹം നിലവിൽ പാലക്കാട് മെഡിക്കൽ കോളേജിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിൽ കഴിയുകയാണ്. അതേസമയം, പാലക്കാട് നിപ സ്ഥിരീകരിച്ച രണ്ടാമത്തെ രോഗിയുടെ റൂട്ട് മാപ്പിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിലും സമയങ്ങ

ളിലും സന്നിഹിതരായിരുന്നവർ നിപ കൺട്രോൾ റൂമുമായി ബന്ധപ്പെടണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചു. പാലക്കാട്ടെ നിപ ബാധയുടെ പശ്ചാത്തലത്തിൽ അതിർത്തി പ്രദേശങ്ങളിൽ തമിഴ്നാട് ആരോഗ്യവകുപ്പ് പരിശോധന കർശനമാക്കിയിട്ടുണ്ട്.

✠✠✠✠✠✠✠✠✠✠✠✠✠✠

## കേന്ദ്രമന്ത്രി ജയന്ത് ചൗധരി

ജൻ ശിക്ഷൺ സൻസ്ഥാൻറെ ഗുണഭോക്തൃസംഗമവും, പ്രദർശനവും കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി നാളെ രാവിലെ മലപ്പുറം ടൗൺഹാളിൽ ഉദ്ഘാടനം ചെയ്യും. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജെ എസ് എസ്സിൻറെ കീഴിൽ പരിശീലനം പൂർത്തീകരിച്ച 1800 ഗുണഭോക്താക്കൾക്കായുള്ള സർട്ടിഫിക്കറ്റ് വിതരണം അദ്ദേഹം നിർവഹിക്കും. ഈ വർഷത്തെ ഗുണഭോക്താക്കൾക്ക് നൽകുന്ന പരിശീലനത്തിൻറെ ഉദ്ഘാടനവും ഇതോടൊപ്പം നടക്കും.

✠✠✠✠✠✠✠✠✠✠✠✠✠✠

## ജോർജ്ജ് കുര്യൻ

പിഎം വികാസ് പദ്ധതിക്ക് കീഴിലുള്ള നൈപുണ്യപരിശീലന-വനിത സംരംഭകത്വ വികസന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാളെ കോട്ടയത്ത് ഉദ്ഘാടനം ചെയ്യും. കോട്ടയത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിലാണു പരിപാടി. പിഎം വികാസ് പദ്ധതിയുടെ ഭാഗമായി, കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിലെ 450 ഉദ്യോഗാർഥികൾക്കുള്ള പരിശീലന പദ്ധതിയുടെ ചുമതല കോട്ടയം IIIT-യ്ക്കാണ്.

✠✠✠✠✠✠✠✠✠✠✠✠✠✠

## പാലക്കാട് ഐഐടി - പ്രധാൻ

ശനിയാഴ്ച നടക്കുന്ന പാലക്കാട് ഐഐടിയുടെ ഏഴാമത് ബിരുദദാന ചടങ്ങിൽ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ മുഖ്യാതിഥിയാകും. IIT ബോർഡ് ഓഫ് ഗവർണേഴ്സ് ചെയർമാൻ രമേഷ് വെങ്കിടേശ്വരൻ അധ്യക്ഷനാകും. 328 വിദ്യാർഥികൾ ചടങ്ങിൽ ബിരുദ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങും

RNU TVPM

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## മന്ത്രി എം. ബി. രാജേഷ്-(intro)

രോഗം ബാധിച്ച തെരുവുനായ്ക്കളെ വെറ്ററിനറി വിദഗ്ധന്റെ സാക്ഷ്യപത്രത്തോടെ ദയാവധത്തിന് വിധേയമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുമെന്ന് സംസ്ഥാന സർക്കാർ. മന്ത്രിമാരായ എം. ബി. രാജേഷ്, ജെ ചിഞ്ചുറാണി എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. തെരുവു നായ പ്രശ്നം രൂക്ഷമായ സാഹചര്യത്തിൽ, എബിസി ചട്ടങ്ങളിലെ ഇളവി നായി കേന്ദ്രസർക്കാരിനെ വീണ്ടും സമീപിക്കുമെന്നും മന്ത്രി എം.ബി രാജേഷ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

( വോയിസ്.....)

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

PRD TVPM

## ഐസിഎംആർ

കേരളത്തിൻറെ ആരോഗ്യ മേഖലയെ അഭിനന്ദിച്ച് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്. ഐസിഎംആറിൻറെ ഇംപ്ലിമെൻറേഷൻ ഗവേഷണ വിഭാഗം മേധാവി ഡോ. ആഷു ഗ്രോവറിൻറെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘം ആരോഗ്യമന്ത്രി വീണാ ജോർജിനെ സന്ദർശിച്ചു. പൊതു ജനാരോഗ്യരംഗത്തും വനിത ശിശു വികസന രംഗത്തും കേരളം നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് സംഘം അഭിപ്രായ പ്പെട്ടു. സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടു ത്താനും ആത്മഹത്യാ പ്രതിരോധത്തിനുമായുള്ള ദേശീയതല ഗവേഷണ പദ്ധതിയിൽ കേരളത്തെ തെരഞ്ഞെടുത്തിരിക്കുന്ന പശ്ചാത്തലത്തിലാണ് സന്ദർശനം.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## മിൽമ - കെഎസ്ഇബി

സംഭരണ, ശീതീകരണ സൗകര്യങ്ങളുള്ള ക്ഷീര സംരംഭങ്ങളെ കാർഷിക താരിഫിൽ ഉൾപ്പെടുത്താനുള്ള കെഎസ്ഇബി തീരുമാനത്തെ സ്വാഗതം ചെയ്ത് മിൽമ. 1000 വാട്ട് വരെ 65 രൂപ ഈടാക്കിയിരുന്ന വൈദ്യുതി നിരക്ക് ഇനി കിലോവാട്ടിന് 30 രൂപ ആയി കുറയും. സംസ്ഥാനത്തെ സഹകരണ

ക്ഷീര പ്രസ്ഥാനത്തിൻറെ ദീർഘകാല ആവശ്യമാണ് യാഥാർഥ്യമായതെന്ന് മിൽമ ചെയർമാൻ കെ.എസ് മണി പറഞ്ഞു.

✠✠✠✠✠✠✠✠✠✠✠✠✠✠

## കീം-സുപ്രീം കോടതി

കീം പ്രവേശന പരീക്ഷയുടെ പുതുക്കിയ മാർക്ക് ലിസ്റ്റിനെ അടിസ്ഥാനമാക്കിയുള്ള ഈ വർഷത്തെ പ്രവേശന പ്രക്രിയയിൽ ഇടപെടാൻ കഴിയില്ലെന്ന് സുപ്രീം കോടതി. പരീക്ഷയിലെ മാർക്ക് ഏകീകരണം സംബന്ധിച്ച കേസിൽ ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്യണമെന്ന ആവശ്യം കോടതി തള്ളി. ജസ്റ്റിസ് പിഎസ് നരസിംഹയും ജസ്റ്റിസ് എഎസ് ചന്ദൂർക്കറും ഉൾപ്പെട്ട ബെഞ്ചാണ് ഹർജി പരിഗണിച്ചത്. അതേസമയം, വിദ്യാർഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ റാങ്ക് ലിസ്റ്റ് റദ്ദാക്കിയ ഹൈക്കോടതി ഉത്തരവിനെതിരെ അപ്പീൽ നൽകില്ലെന്ന് സംസ്ഥാന സർക്കാർ കോടതിയെ അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠

RNU TVPM

## കീം പ്രതികരണം

കീം വിഷയത്തിൽ, ആഗസ്റ്റ് 14നകം പ്രവേശന നടപടികൾ പൂർത്തിയാക്കണമെന്ന AICTE മാർഗ്ഗനിർദ്ദേശം സംസ്ഥാന സർക്കാർ പാലിക്കുമെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. എല്ലാ വിദ്യാർത്ഥികൾക്കും നീതിയുക്തമായി പ്രവേശനം ഉറപ്പാക്കണമെന്ന ഉദ്ദേശത്തോടെയാണ് പ്രോസ്പെക്ടസിൽ മാറ്റങ്ങൾ നിർദേശിച്ചതെന്നും അടുത്ത വർഷം പുതുക്കിയ ഏകീകരണ നടപടി പ്രകാരം എൻജിനീയറിങ് പ്രവേശനം നടത്താൻ ശ്രമിക്കുമെന്നും മന്ത്രി പറഞ്ഞു. അതേസമയം, കീം വിഷയത്തിലെ സംസ്ഥാന സർക്കാർ നടപടി പ്രവേശന പരീക്ഷയുടെ വിശ്വാസ്യത നഷ്ടമാക്കിയതായി മുൻ കേന്ദ്രസഹമന്ത്രി വി മുരളീധരൻ പറഞ്ഞു.

✠✠✠✠✠✠✠✠✠✠✠✠✠✠

## പ്രതിപക്ഷ നേതാവ് - മുഖ്യമന്ത്രി

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ മുഖ്യമന്ത്രി ഇടപെടണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. കേരളം സർവകലാശാലയിൽ ബിരുദ സർട്ടിഫിക്കറ്റുകൾ

ഉൾപ്പടെ നിരവധി ഫയലുകൾ കെട്ടികിടക്കുകയാണെന്ന പരാതി ഉയർന്നിട്ടുണ്ടെന്ന് അദ്ദേഹം മുഖ്യമന്ത്രിക്ക് നൽകിയ കത്തിൽ ഉന്നയിച്ചു. കുട്ടികളുടെ ഭാവിയെ സാരമായി ബാധിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടു.

---

## ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ്

ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം സതാംപ്ടണിലെ റോസ് ബൗൾ സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇംഗ്ലണ്ട് ബാറ്റിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇംഗ്ലണ്ട് 14 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 77 റൺ എന്ന നിലയിലാണ്.

---

### മഴ

സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എല്ലാ ജില്ലകളിലും ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എട്ടു ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 20 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNUTVPM

---

## ശബരിമല

കർക്കടകമാസ പൂജകൾക്കായി ശബരിമല നട തുറന്നു. വൈകിട്ട് തന്ത്രി കണ്ഠരര് ബ്രഹ്മദത്തന്റെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നമ്പൂതിരി നടതുറന്ന് ദീപം തെളിച്ചു. ശക്തമായ മഴയെ അവഗണിച്ച് ആയിരക്കണക്കിന് ഭക്തരാണ് ഇന്ന് ശബരിമലയിൽ എത്തിയത്. കർക്കടകം ഒന്നായ നാളെ മുതൽ എല്ലാ ദിവസവും പതിനെട്ടാം പടിയിൽ പടിപൂജ ഉണ്ടായിരിക്കും. പൂജകൾ പൂർത്തിയാക്കി ഈ മാസം 21ന് രാത്രി

10 ന് അടക്കുന്ന ക്ഷേത്രനട നിറപുത്തരിക്കായി 29ന് വീണ്ടും തുറക്കും. 30നാണ് നിറപുത്തരി.

✠✠✠✠✠✠✠✠✠✠✠✠✠✠

## രാമായണ മാസം (ഇൻട്രോ)

കർക്കിടകം ഒന്നായ നാളെ രാമായണ മാസാചരണത്തിന് തുടക്കമാകും. നാലമ്പല തീർത്ഥാടനവും ഇതോടൊപ്പം ആരംഭിക്കും. തൃശൂർ വടക്കുന്നാഥ ക്ഷേത്രത്തിൽ നാളെ ആനയൂട്ടും ഗജപൂജയും അഷ്ടദ്രവ്യ മഹാഗണപതി ഹോമവും നടക്കും. അറുപതിലേറെ ആനകൾ പങ്കെടുക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.....**

**( വോയിസ്.... )**

✠✠✠✠✠✠✠✠✠✠✠✠✠✠

RNU TVPM

## സി. സദാനന്ദൻ

നിയുക്ത രാജ്യസഭാംഗം സി. സദാനന്ദന് ബിജെപി കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. പ്രധാനമന്ത്രി ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കുന്നതിനായി പ്രവർത്തിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ബിജെപി മുൻ സംസ്ഥാന അധ്യക്ഷൻ സി. കെ. പത്മനാഭൻ , ദേശീയ നിർവഹക സമിതി അംഗം പി കെ കൃഷ്ണദാസ്, പാർട്ടിയുടെ നോർത്ത് ജില്ലാ അധ്യക്ഷൻ കെ കെ വിനോദ്കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

✠✠✠✠✠✠✠✠✠✠✠✠✠✠

## തപാൽ സേവനം

ആറ്റിങ്ങൽ ഹെഡ് പോസ്റ്റ് ഓഫീസിലും അനുബന്ധ പോസ്റ്റ് ഓഫീസു കളിലും ഈ മാസം 20, 21 തീയതികളിൽ തപാൽ സേവനം തടസ്സപ്പെടും. തപാൽ ശൃംഖലയിൽ രാജ്യവ്യാപകമായി നടപ്പിലാക്കുന്ന ഐടി 2.0 റോൾ ഔട്ട് നവീകരണ പദ്ധതിയുടെ ഭാഗമായി ഓഫീസുകൾ പുതിയ പ്ലാറ്റ്ഫോമി ലേക്ക് മാറുന്നതിനെത്തുടർന്നാണിത്. ഇടപാടുകൾക്കായി

തിരുവനന്തപുരം ജനറൽ പോസ്റ്റ് ഓഫീസുകളും അതിന് കീഴിലുള്ള സബ് പോസ്റ്റ് ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.

✠✠✠✠✠✠✠✠✠✠✠✠✠✠

✠✠✠✠✠✠✠✠✠✠

✠✠✠✠✠

RNU TVPM